# ആർ ജി എം എ യു പി സ്കൂൾ
## മലപ്പട്ടം

# ജൂലൈ 5 ബഷീർ അനുസ്മരണ ദിനം

# ഓൺലൈൻ മാസിക

### തയ്യാറാക്കിയത്

## " വിദ്യാരംഗം കലാസാഹിത്യ വേദി "



# വൈക്കം മുഹമ്മദ് ബഷീർ

## 21/JAN/1908 (ജനനം) - 05/JUL/1994 (മരണം)

മലയാള നോവലിസ്റ്റും കഥാകൃത്തും സ്വാതന്ത്ര്യസമര പോരാളിയുമായിരുന്നു. ബേപ്പൂർസുൽത്താൻഎന്ന അപരനാമത്തിലും അറിയപ്പെടുന്ന വൈക്കം മുഹമ്മദ് ബഷീർ (ജനനം: 21 ജനുവരി 1908 തലയോലപ്പറമ്പ്, വൈക്കം കോട്ടയം ജില്ല - മരണം: 5 ജൂലൈ 1994 ബേപ്പൂർ, കോഴിക്കോട്) .982-ൽ ഇന്ത്യാ ഗവൺമെൻറ് പത്മശ്രീ പുരസ്കാരം നൽകി ആദരിച്ചു .ആധുനിക മലയാള സാഹിത്യത്തിൽ ഏറ്റവുമധികംവായിക്കപ്പെട്ടഎഴുത്തുകാരിൽ ഒരാൾ എന്ന് ശേഷിപ്പിക്കപ്പെട്ടു.ജനകീയനായ എഴുത്തുകാരനായിരുന്നു ബഷീർ.

രസകരവും സാഹസികവുമായിരുന്നു ബഷീറിന്റെ ജീവിതം.സ്കൂൾ പഠനകാലത്ത് (5-ം ക്ലാസ്സ്) കേരളത്തിലെത്തിയ ഗാന്ധിജിയെ കാണാൻ വീട്ടിൽ നിന്നും ഒളിച്ചോടിയതാണ് ബഷീറിന്റെജീവിതത്തിൽ വഴിത്തിരിവായത് .കാൽനടയായി എറണാകുളത്തു ചെന്നു കാളവണ്ടി കയറി കോഴിക്കോടെത്തിയ ബഷീർ സ്വാതന്ത്ര്യ സമര രംഗത്തേക്ക് എടുത്തുചാടി. ഗാന്ധിജിയെ തൊട്ടു എന്ന് പിൽക്കാലത്ത് അദ്ദേഹം അഭിമാനത്തോടെ പരാമർശിച്ചിട്ടുണ്ട് . 1930-ൽ കോഴിക്കോട്ട് ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുത്തതിന്റെ പേരിൽ ജയിലിലായി. പിന്നീട് ഭഗത് സിംഗ് മാതൃകയിൽ തീവ്രവാദ സംഘമുണ്ടാക്കി. തീവ്രവാദ സംഘടനയുടെ മുഖപത്രമായ ഉജ്ജീവനത്തിലെഴുതിയ തീപ്പൊരി ലേഖനങ്ങളാണ് ആദ്യകാല കൃതികൾ. 'പ്രഭ' എന്ന തൂലികാനാമമാണ് അന്ന് അദ്ദേഹം സ്വീകരിച്ചിരുന്നത് . വാരിക പിന്നീടു കണ്ടുകെട്ടി . തുടർന്നു കുറേ വർഷങ്ങൾ ഇന്ത്യയൊട്ടാകെ അലഞ്ഞു തിരിഞ്ഞു. അതിസാഹസികമായ ഈ കാലയളവിൽ ബഷീർ കെട്ടാത്ത വേഷങ്ങളില്ല. ഉത്തരേന്ത്യയിൽഹിന്ദു സന്ന്യാസിമാരുടെയും, സൂഫിമാരുടെയും കൂടെ ജീവിച്ചു , പാചകക്കാരനായും , മാജിക്കുകാരന്റെ സഹായിയായും കഴിഞ്ഞു . പല ജോലികളും ചെയ്തു . അറബിനാടുകളിലും ആഫ്രിക്കയിലുമായി തുടർന്നുള്ള സഞ്ചാരം. ഏകദേശം 9 വർഷത്തോളം നീണ്ട ഈ യാത്രയിൽ അദ്ദേഹം പല ഭാഷകളും ഗ്രഹിച്ചു, മനുഷ്യ ജീവിതത്തിന്റെ എല്ലാ വശങ്ങളും - തീവ്ര ദാരിദ്ര്യവും,മനുഷ്യ ദുരയും നേരിട്ടു കണ്ടു. ബഷീറിന്റെ ജീവിതം തന്നെയാണ് അദ്ദേഹത്തിന്റെ സാഹിത്യം എന്നു പറയാം. ഇതുപോലെ സ്വതന്ത്രമായി ലോകസഞ്ചാരം നടത്തിയ എഴുത്തുകാർ മലയാളസാഹിത്യത്തിൽ വിരളമാണെന്നു പറയാം.

ലോകം ചുറ്റുന്നതിനിടയിൽ കണ്ടെത്തിയ ഒട്ടേറെ ജീവിത സത്യങ്ങൾ അദ്ദേഹത്തിന്റെ കൃതികളിൽ കാണാം. പദ്മനാഭ പൈ പത്രാധിപരായിരുന്ന "ജയകേസരി"യിൽ പ്രസിദ്ധീകരിച്ച തങ്കം ആണ് ആദ്യം പ്രസിധീകരിച്ച കഥ. ജോലിയന്വേഷിച്ചാണ് ബഷീർ പത്രാധിപരുടെയടുത്തെത്തിയത്. എന്നാൽ ജോലി തരാൻ നിവൃത്തിയില്ലെന്നും, കഥ എഴുതിത്തന്നാൽ പ്രതിഫലം തരാം എന്നും മറുപടി കേട്ട ബഷീർ ഗത്യന്തരമില്ലാതെ ഒരു കഥ എഴുതുകയായിരുന്നു. കറുത്തിരുണ്ട് വിരൂപയായ നായികയും, ചട്ടുകാലും , കോങ്കണ്ണും, കൂനുമുള്ള യാചകൻ നായകനുമായി എഴുതിയ ആ കഥയാണ് തങ്കം.

# പ്രധാന ബഷീർ കഥാപാത്രങ്ങൾ




നമ്മുടെ ബേപ്പൂർ സുൽത്താനെ കുറിച്ച് കൂടുതൽ വിവരങ്ങൾ എളുപ്പത്തിൽ അറിയുവാൻ മുകളിൽ ഉള്ള വൈക്കം മുഹമ്മദ് ബഷീറിന്റെ ചിത്രത്തിനു മുകളിൽ ക്ലിക്ക് ചെയ്യൂ ☺☺☺

# ബഷീർ : വീഡിയോകളിലൂടെ










**ബഷീറിനെപ്പറ്റി
വീഡിയോകളിലൂടെ
മനസ്സിലാക്കാൻ മുകളിൽ
കൊടുത്തിരിക്കുന്ന നാലു
ചിത്രങ്ങളിൽ കൈ അമർത്തൂ**



തയ്യാറാക്കിയത് - വിദ്യാരംഗം കലാസാഹിത്യവേദി (RGMAUP School)

# ബഷീർ ദിന ക്വിസ്




ബഷീർ ദിനാചരണ ക്വിസിൽ ഉൾപ്പെട്ടിട്ടുള്ള ചോദ്യങ്ങളും ഉത്തരങ്ങളും കാണാൻ മുകളിൽ കൊടുത്തിരിക്കുന്ന **QUIZ** എന്ന ചിത്രത്തിനു മുകളിൽ ക്ലിക്ക് ചെയ്യുക. ☺☺☺

# ബഷീറിനെപ്പറ്റി മറ്റു എഴുത്തുകാരുടെ വാക്കുകൾ /




ബഷീറിനെ കുറിച്ച് മറ്റു മഹാരഥന്മാരുടെ വാക്കുകൾ കാണാൻ മുകളിൽ കൊടുത്ത ചിത്രത്തിനു മുകളിൽ ക്ലിക്ക് ചെയ്യൂ ☺☺☺

# ബഷീർ : ജീവിതരേഖ

❖ 1908 ജനനം

❖ 1942 അറസ്റ്റും ജയിൽവാസവും; ആദ്യകൃതി "പ്രേമലേഖനം"

❖ 1944 'ബാല്യകാലസഖി'

❖ 1947 'ശബ്ദങ്ങൾ'

❖ 1951 'ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്'

❖ 1953 'ആനവാരിയും പൊൻകുരിശും'

❖ 1954 'ജീവിതനിഴല്പാടുകൾ', 'വിശപ്പ്'

❖ 1958 വിവാഹം

❖ 1959 'പാത്തുമ്മയുടെ ആട്'

❖ 1965 'മതിലുകൾ'

❖ 1970 കേന്ദ്ര സാഹിത്യ അക്കാദമി ഫെല്ലോഷിപ്പ്

❖ 1975 'ചിരിക്കുന്ന മരപ്പാവ'

❖ 1981 കേരള സാഹിത്യ അക്കാദമി ഫെല്ലോഷിപ്പ്

❖ 1982 പത്മശ്രീ

❖ 1987 ഡി.ലിറ്റ് ബിരുദം

❖ 1994 മരണം



# ബഷീർ : കൃതികളിലൂടെ



- ➢പ്രേമലേഖനം (നോവൽ) (1943)
- ➢ബാല്യകാലസഖി (നോവൽ) (1944)
- ➢കഥാബീജം (നാടകത്തിന്റെ തിരക്കഥ) (1945)
- ➢ജന്മദിനം (ചെറുകഥകൾ) (1945)
- ➢അനർഘനിമിഷം (ലേഖനങ്ങൾ) (1945)
- ➢ഓർമ്മക്കുറിപ്പ് (ചെറുകഥകൾ) (1946)
- ➢ശബ്ദങ്ങൾ (നോവൽ) (1947)
- ➢വിഡ്ഢികളുടെ സ്വർഗ്ഗം (ചെറുകഥകൾ) (1948)
- ➢ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന് (1951)
- ➢മരണത്തിൻറെ നിഴൽ (നോവൽ) (1951)
- ➢മുച്ചീട്ടുകളിക്കാരൻറെ മകൾ (നോവൽ) (1951)
- ➢പാവപ്പെട്ടവരുടെ വേശ്യ (ചെറുകഥകൾ) (1952)
- ➢ആനവാരിയും പൊൻകുരിശും (നോവൽ) (1953)
- ➢സ്ഥലത്തെ പ്രധാന ദിവ്യൻ (നോവൽ) (1953)
- ➢വിശ്വവിഖ്യാതമായ മൂക്ക് (ചെറുകഥകൾ)(1954)
- ➢വിശപ്പ് (ചെറുകഥകൾ) (1954)
- ➢ജീവിതനിഴൽപാടുകൾ (നോവൽ) (1954)
- ➢പാത്തുമ്മയുടെ ആട് (നോവൽ) (1959)
- ➢ഒരു ഭഗവദ്ഗീതയും കുറെ മുലകളും(ചെറുകഥകൾ) (1967)
- ➢താരാ സ്പെഷ്യൽസ് (നോവൽ) (1968)
- ➢മാന്ത്രികപ്പൂച്ച (നോവൽ) (1968)
- ➢നേരും നുണയും (1969)
- ➢ഓർമ്മയുടെ അറകൾ (ഓർമ്മക്കുറിപ്പുകൾ) (1973)
- ➢ആനപ്പൂട (ചെറുകഥകൾ) (1975)
- ➢ചിരിക്കുന്ന മരപ്പാവ (ചെറുകഥകൾ) (1975)
- ➢ഭൂമിയുടെ അവകാശികൾ (ചെറുകഥകൾ) (1977)
- ➢അനുരാഗത്തിൻറെ ദിനങ്ങൾ (ഡയറി; "കാമുകൻറെ ഡയറി" എന്ന കൃതി പേരുമാറ്റിയത്) (1983)
- ➢ഭാർഗ്ഗവീനിലയം (1985) (സിനിമയുടെ തിരക്കഥ; "നീലവെളിച്ചം" (1964) എന്ന ചെറുകഥയിൽ നിന്നും)
- ➢ചെവിയോർക്കുക! അന്തിമകാഹളം!(പ്രഭാഷണം; 1987 ജനുവരിയിൽ കാലിക്കറ്റ് സർവ്വകലാശാല ഡി.ലിറ്റ്. ബിരുദം നൽകിയപ്പോൾ നടത്തിയ പ്രഭാഷണം)
- ➢മതിലുകൾ (നോവൽ; 1989-ൽ അടൂർ ഗോപാലകൃഷ്ണൻ മതിലുകൾ എന്ന പേരിൽ സിനിമയാക്കി)
- ➢എം.പി. പോൾ (ഓർമ്മക്കുറിപ്പുകൾ) (1991)
- ➢ശിങ്കിടിമുങ്കൻ (ചെറുകഥകൾ) (1991)
- ➢യാ ഇലാഹി! (ചെറുകഥകൾ; മരണശേഷം പ്രസിദ്ധീകരിച്ചത്) (1997)
- ➢സർപ്പയജ്ഞം (ബാലസാഹിത്യം)
- ➢ബഷീറിന്റെ തിരഞ്ഞെടുത്ത കത്തുകൾമരണാനന്തരം പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്

# ബഷീർ : ബഹുമതികൾ

- ഭാരത സർക്കാരിന്റെ പത്മശ്രീ  പുരസ്ക്കാരം.
- കേന്ദ്ര സാഹിത്യ അക്കാദമി ഫെല്ലോഷിപ്പ്
- കേരള സാഹിത്യ അക്കാദമി ഫെല്ലോഷിപ്പ്,1981
- കാലിക്കറ്റ് സർവ്വകലാശാലയുടെ 'ഡോക്ടർ ഓഫ് ലെറ്റേഴ്സ്' ബിരുദം (1987)
- സംസ്കാരദീപം അവാർഡ് (1987)
- പ്രേംനസീർ അവാർഡ് (1992)
- ലളിതാംബിക അന്തർജ്ജനം അവാർഡ് (1992)
- മുട്ടത്തുവർക്കി അവാർഡ് (1993)
- വള്ളത്തോൾ പുരസ്കാരം




പത്മശ്രീ




കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്

# ചില പ്രധാനപ്പെട്ട ബഷീർ കൃതികൾ

ബഷീർ എഴുതിയ പ്രധാനപ്പെട്ട ചില പുസ്തകങ്ങളും അവയുടെ ചിത്രവുമാണ് ഇനി വരുന്ന പേജുകളിൽ കൊടുത്തിരിക്കുന്നത് . **ഇവ വായിക്കുന്നതിനു വശങ്ങളിൽ കൊടുത്തിരിക്കുന്ന പുസ്തകങ്ങളുടെ മുകളിൽ ക്ലിക്ക് ചെയ്യുക. പുസ്തകം നിങ്ങളുടെ ഫോണിൽ ഡൗൺലോഡ് ആകുന്നതായിരിക്കും.**

## ബാല്യകാലസഖി

വിഖ്യാത എഴുത്തുകാരനായ വൈക്കം മുഹമ്മദ് ബഷീറിന്റെ ഒരു നോവലാണ് ബാല്യകാല സഖി . ഈ പുസ്തകത്തിന്റെ ഇതിവൃത്തം കഥാകാരന്റെ തന്നെ ജീവിതത്തിന്റെ ഒരു ഭാഗമാണെന്ന് എം.പി. പോൾ എഴുതിയ അവതാരികയിൽ നിന്നും വ്യക്തമാണ് . അതിപ്രകാരമാണ് "ബാല്യകാല സഖി ജീവിതത്തിൽ നിന്നു വലിച്ച് ചീന്തിയ ഒരു ഏടാണ് , വക്കിൽ രക്തം പൊടിഞ്ഞിരിയ്ക്കുന്നു ." ഈ ഗ്രന്ഥത്തിനെ കുറിച്ച് അവതാരകനുള്ള അഭിപ്രായം ഇതൊരു പ്രണയകഥയാണെന്നും എന്നാൽ സധാരണയായി പറഞ്ഞുവരുന്നതും കേട്ടുവരുന്നതുമായ ആഖ്യാന രീതിയിൽനിന്നും മാറി അതിദാരുണങ്ങളായ ജീവിതയാഥാർത്ഥ്യങ്ങളെ കൂടി ഉൾക്കൊള്ളിച്ചാണ് ഇത് രചിച്ചിരിയ്ക്കുന്നതെന്നും ആണ്.




വായിക്കാൻ പുസ്തകത്തിന് മുകളിൽ ക്ലിക്ക് ചെയ്യൂ

### കഥാപശ്ചാത്തലം

മജീദിന്റെയും സുഹറയുടെയും ബാല്യ കാല അനുഭവങ്ങൾ വിവരിച്ചു കൊണ്ടാണ് കഥ തുടങ്ങുന്നത് . മജീദിന്റെ ആണുങ്ങൾക്ക് എന്തും ചെയ്യാം എന്ന അവകാശത്തെ കൂർത്ത നഖങ്ങളുള്ള സുഹറ ചെറുത്തു തോല്പ്പിക്കുന്നത് "ഞാ iniyum മാന്തും" എന്ന് ഭീഷണിപ്പെടുത്തിയാണ്.ഫിഫ്ത് ഫോറത്തിൽ പഠിച്ചിരുന്ന കാലത്ത് സ്വാതന്ത്ര്യസമരത്തിൽ ആവേശം കൊണ്ട് നാടുവിട്ട ബഷീർ, ഏതാണ്ട് പത്ത് വർഷങ്ങൾക്ക് ശേഷമാണ് തിരിച്ചെത്തുന്നത്. അദ്ദേഹത്തിന്റെ ഈ ദേശാടനവേളയിൽ കൽക്കത്തയിലായിരിയ്ക്കുന്ന കാലം. താൻ താമസിയ്ക്കുന്ന ആറ് നിലക്കെട്ടിടത്തിന്റെ ടെറസ്സിൽ വിശ്രമിയ്ക്കുന്ന സമയത്ത് ഉറങ്ങിപ്പോയ ഇദ്ദേഹം എന്തോ ദുസ്വപ്നം കണ്ട് ഞെട്ടി എഴുന്നേറ്റു. അപ്പോൾ ഒരിഞ്ചിന്റെ വ്യത്യാസത്തിൽ തന്റെ മുൻപിൽ അഗാധമായ താഴ്ചയിൽ അദ്ദേഹം നഗരത്തെ കണ്ടു. താൻ മരണത്തിൽ നിന്നും അത്ഭുതകരമായി രക്ഷപ്പെട്ടു എന്ന് അദ്ദേഹം മനസ്സിലാക്കി. വീണ്ടും നിദ്രയിലാണ്ട അദ്ദേഹത്തിന്റെ സ്വപ്നത്തിൽ തന്റെ കളിക്കൂട്ടുകാരിയായ സുഹറ പ്രത്യക്ഷപ്പെട്ടു. താൻ മരിച്ച്പോയെന്നും തന്നെ അടക്കം ചെയ്തെന്നും അവൾ പറഞ്ഞു. അങ്ങനെയാണത്രേ തന്റെ കളിക്കൂട്ടുകാരിയുടെ അകാലമരണം അദ്ദേഹം അറിഞ്ഞത്. പിറ്റേന്ന് തന്നെ തന്റെ വിചിത്രങ്ങളായ ഈ അനുഭവങ്ങൾ, ബാല്യകാല അനുഭവങ്ങളോട് കൂടി അദ്ദേഹം രചിച്ചു. ഈ രചന ഇംഗ്ലീഷിലാണ് നടന്നത്. നാട്ടിലെത്തിയശേഷം അതു മാതൃഭാഷയിലേയ്ക്ക് തർജ്ജമ ചെയ്തു. ഈ കഥയിലെ നായകനായ മജീദ്, ബഷീർ തന്നെയും നായിക സുഹറ, അദ്ദേഹത്തിന്റെ ബാല്യകാല സഖിയും ആണ്.

# പ്രേമലേഖനം




വായിക്കാൻ പുസ്തകത്തിന് മുകളിൽ ക്ലിക്ക് ചെയ്യൂ

വൈക്കം മുഹമ്മദ് ബഷീറിന്റെ പുസ്തകരൂപത്തിൽ പ്രസാധനം ചെയ്യപ്പെട്ട ആദ്യരചനയാണ് പ്രേമലേഖനം.1942'ൽ അദ്ദേഹം ജയിലിൽ കിടക്കുന്ന ഒരവസരത്തിൽ ആണ് ഈ ലഘുനോവൽ എഴുതിയത്. രാജ്യദ്രോഹപരമായി ഇതിൽ ഒന്നും ഇല്ലെങ്കിലും 1944'ൽ ഇത് നിരോധിയ്ക്കപ്പെടുകയും ഇതിന്റെ കോപ്പികൾ കണ്ടുകെട്ടപ്പെടുകയും ചെയ്തു.ഹാസ്യാത്മകമായി ചിത്രീകരിയ്ക്കപ്പെട്ട ഒരു പ്രേമകഥയാണ് പ്രേമലേഖനം എന്നു പറയാം. രസകരമായ സംഭാഷണങ്ങളിലൂടെ ബഷീർ യാഥാസ്ഥിതികതയെയും സ്ത്രീധനസമ്പ്രദായത്തെയും കണക്കറ്റു പരിഹസിയ്ക്കുന്നുണ്ട്.

## കഥാപശ്ചാത്തലം

1940 കളിലെ കേരളം ആണ് കഥയുടെ പശ്ചാത്തലം. കേശവൻ നായർ പേര് സൂചിപ്പിയ്ക്കുന്നു പോലെ നായർ ജാതിയിൽ പെട്ട ഒരു ബാങ്കുദ്യോഗസ്ഥൻ ആണ്. സാറാമ്മ ക്രിസ്ത്യൻ സമുദായത്തിൽ ജനിച്ച സുന്ദരിയും .സാറാമ്മയോട് കലശലായ പ്രേമം തോന്നിയ കേശവൻ നായർ അത് അവരെ അറിയിയ്ക്കാനായി അവർക്കൊരു കത്തെഴുതുന്നു. ഇതിൽ നിന്നാണ് പുസ്തകത്തിന്റെ ശീർഷകം ഉരുത്തിരിയുന്നത്.

നാട്ടിൽ നിലനിന്നിരുന്ന സ്ത്രീധന സമ്പ്രദായത്തെ കളിയാക്കുക എന്നതും മിശ്രവിവാഹത്തെ പ്രോത്സാഹിപ്പിയ്ക്കുക എന്നതുമാണ് കഥയുടെ പ്രധാന തീം. കേശവൻ നായർ കഥയിൽ എല്ലാ കാമുകന്മാരുടെയും പ്രതിനിധിയാണ്. സാറാമ്മയാകട്ടെ, വിദ്യാസമ്പന്നയും തൊഴിൽരഹിതയുമാണ്. നല്ലൊരു ജോലിയാണ് സാറാമ്മയുടെ ലക്ഷ്യം. കേശവൻ നായർ തന്റെ കത്തിലൂടെ സാറാമ്മയ്ക്ക് ഒരു ജോലി നിർദ്ദേശിയ്ക്കുന്നു: തന്നെ പ്രേമിയ്ക്കുക. ഇതിനു നിശ്ചിതമായ മാസാമാസം ഒരു ശമ്പളവും കൊടുക്കാൻ ഉദ്ദേശിയ്ക്കുന്നുണ്ട്.

കേശവൻ നായരുടെ അപേക്ഷ സാറാമ്മ സ്വീകരിച്ചുവെങ്കിലും കൂടുതൽ ചോദ്യങ്ങൾ ഉയർന്നു വരുന്നു. അവർക്കു കുട്ടികൾ ഉണ്ടാകില്ലേ? ഏതു മതത്തിൽ പെട്ടവരായിരിയ്ക്കും അവരുടെ കുട്ടികൾ? അവർ തങ്ങൾക്ക് ഉണ്ടാകാൻ പോകുന്ന കുട്ടികളെ എല്ലാ മതങ്ങളും പഠിയ്ക്കാൻ തീരുമാനിയ്ക്കുകയും അവർ വലുതായതിനു ശേഷം ഇഷ്ടമുള്ള മതം തെരഞ്ഞെടുക്കാൻ അനുവദിയ്ക്കാൻ തീരുമാനിയ്ക്കുകയും ചെയ്യുന്നു. അതിനൊരു തീരുമാനമായപ്പോൾ അടുത്ത ചോദ്യം വരുന്നു. കുട്ടികളുടെ പേരുകൾ എങ്ങനെ തീരുമാനിയ്ക്കും? ഹിന്ദു പേരുകളും ക്രിസ്ത്യൻ പേരുകളും പറ്റില്ല. എങ്കിൽ റഷ്യൻ പേരുകൾ ഇടാമെന്നു കേശവൻ നായർ പറഞ്ഞു. പക്ഷെ സാറാമ്മയ്ക്ക് അതത്ര ഇഷ്ടപ്പെട്ടില്ല. ചൈനീസ് പേരുകൾ ഇടാമെന്ന കേശവൻ നായരുടെ നിർദ്ദേശവും സാറാമ്മയ്ക്ക് ഇഷ്ടപ്പെട്ടില്ല. എങ്കിൽ പിന്നെ കുട്ടികൾക്ക് കല്ല്, ആകാശം തുടങ്ങിയ നിർജീവ വസ്തുക്കളുടെ പേരുകൾ ആക്കാമെന്നു രണ്ടുപേരും കൂടി തീരുമാനിയ്ക്കുന്നു. ആകാശം, മിട്ടായി എന്നീ രണ്ടുപേരുകളിൽ അവർ എത്തിനിൽക്കുന്നു കുട്ടിയ്ക്ക് 'ആകാശമിട്ടായി' എന്ന പേരിടാം എന്ന് തീരുമാനിയ്ക്കുന്നു. കുട്ടിയെ ഇനി കമ്മ്യൂണിസ്റ്റ് ആക്കണോ എന്ന് സാറാമ്മയ്ക്ക് സംശയം ഉണ്ടാകുന്നു. അത് കുട്ടി വളർന്നതിനുശേഷം തീരുമാനിയ്ക്കട്ടെ എന്ന് കേശവൻ നായർ പറയുന്നു.

# ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്നു


വൈക്കം മുഹമ്മദ് ബഷീർ എഴുതിയ ഒരു മലയാള നോവലാണ് ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന്. 1951-ലാണ് ഈ നോവൽ പ്രസിദ്ധീകരിച്ചത്. മുസ്ലിം സമൂഹത്തിൽ നിലനിന്നിരുന്ന അന്ധവിശ്വാസങ്ങൾക്കെതിരിലുള്ള ഒരു കടന്നാക്രമണമായി ഈ നോവൽ മാറുകയുണ്ടായി. ഈ വെളിച്ചത്തിനെന്തു വെളിച്ചം എന്ന ബഷീറിന്റെ വിഖ്യാതമായ പദപ്രയോഗം ഈ നോവലിലാണുള്ളത്. തങ്ങളുടെ കുറവുകൾ മറയ്ക്കാൻ വേണ്ടി ആളുകൾ തങ്ങളുടെ പോയകാല പ്രതാപത്തെക്കുറിച്ച് ഊറ്റം കൊള്ളുന്നതിനെ കളിയാക്കാനായാണ് ബഷീർ ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന് എന്ന പേരിലൂടെ ശ്രമിക്കുന്നത്. 'ആന ഉണ്ടാർന്ന' തറവാട്ടിലെ കാരണവത്തിയായതിനാൽ പട്ടിണിയാണെങ്കിലും മെതിയടിയിട്ട് തത്തി തത്തി നടക്കുന്ന ഉമ്മയെ ഈ നോവലിലെ പ്രധാനകഥാപാത്രമായ മകൾ കുഞ്ഞിത്താച്ചുമ്മ അത് 'കുയ്യാന' (കുഴിയാന) ആയിരുന്നു എന്ന് പറഞ്ഞു പരിഹസിക്കുന്നത് ഈ നോവലിൽ നമുക്ക് കാണാം.




വായിക്കാൻ
പുസ്തകത്തിന് മുകളിൽ
ക്ലിക്ക് ചെയ്യൂ

## കഥാപശ്ചാത്തലം

കുഞ്ഞുപാത്തുമ്മ ഒരു സാധാരണ ഗ്രാമീണ മുസ്ലിം പെൺകുട്ടിയാണ്. നിഷ്കളങ്കയും നിരക്ഷരയുമായ അവൾ നിസ്സാർ അഹമ്മദ് എന്നു പേരായ വിദ്യാസമ്പന്നനും പുരോഗമന ചിന്താഗതിക്കാരനും പട്ടണത്തിൽ വളർന്നവനുമായ ചെറുപ്പക്കാരനുമായി പ്രണയത്തിലാകുന്ന കഥ പറയുന്ന ഈ നോവൽ നിരക്ഷരത അന്ധവിശ്വാസങ്ങൾക്ക് വളക്കൂറുള്ള മണ്ണാണെന്നു പഠിപ്പിക്കുകയും വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെക്കുറിച്ച് വായനക്കാരെ ബോധ്യപ്പെടുത്തുകയും ചെയ്യുന്നു.



# ഭൂമിയുടെ അവകാശികൾ




വായിക്കാൻ പുസ്തകത്തിന് മുകളിൽ ക്ലിക്ക് ചെയ്യൂ


വൈക്കം മുഹമ്മദ് ബഷീറിന്റെ പ്രശസ്തമായ കഥകളിലൊന്നാണ് **ഭൂമിയുടെ അവകാശികൾ**. സകല ജീവികൾക്കും ഭൂമിയിൽ ഒരേ അവകാശമാണുള്ളത് എന്ന ആശയം ഈ കഥയിലൂടെ ഇദ്ദേഹം സരസമായി അവതരിപ്പിക്കുന്നു. മനുഷ്യന് ഭൂമിയുടെ മേൽ അധികാരമുണ്ടെന്ന മിഥ്യാധാരണയുടെ പുറത്ത് ചെയ്തു കൂട്ടുന്ന അത്യാചാരങ്ങളോടുള്ള ബഷീറിന്റെ അതൃപ്തിയും ഈ കൃതിയിൽ ദർശിക്കാവുന്നതാണ്.

## കഥാപശ്ചാത്തലം

രണ്ടേക്കർ തെങ്ങിൻപറമ്പും അതിലൊരു വീടും സ്വന്തമാക്കിയ കഥാനായകൻ തേങ്ങാ വിൽപ്പനയിലൂടെ സാമ്പത്തിക ഭദ്രതയും മുള്ളുവേലിയുടെയും ഇരുമ്പു ഗേറ്റിന്റെയും 'ഷാൻ' എന്ന ഉശിരൻ നായയുടെയും പിൻബലത്തിൽ സുരക്ഷിതത്വവും ഉറപ്പിച്ചിരിക്കുന്ന വേളയിൽ അദ്ദേഹത്തെ അമ്പരപ്പിച്ചു കൊണ്ട് മുദ്രപ്പത്രങ്ങളിലൊന്നും ഒപ്പു വെക്കാത്തവരും മുള്ളുവേലികളെ മാനിക്കാത്തവരുമായ "ഒരു കൂട്ടർ" അധികാരത്തോടെ കടന്നു വരുന്നതാണ് കഥയുടെ തുടക്കം. ക്ഷണിക്കപ്പെടാതെ ആഗതരാവുന്ന പക്ഷികളും ചിത്രശലഭങ്ങളും തുടങ്ങി ചിതലുകളും എലികളും കൊടിയ വിഷമുള്ള കരിന്തേളുകളുമടങ്ങിയ ഇക്കൂട്ടർ യഥാർത്ഥത്തിൽ ഭൂമിയുടെ അവകാശികൾ തന്നെയാണ് എന്നു അദ്ദേഹത്തിന് ബോധ്യമാവുന്നതാണ് കഥാസാരം. ആദർശവാദിയായ കഥാനായകനും പ്രായോഗിക ചിന്താഗതിക്കാരിയായ അദ്ദേഹത്തിന്റെ ഭാര്യയും തമ്മിലുള്ള വാദപ്രതിവാദങ്ങളും നിരായുധനായിരിക്കുന്ന മനുഷ്യന്റെ നിസ്സഹായതയെക്കുറിച്ചുള്ള പരാമർശങ്ങളുമൊക്കെ ഈ കഥയെ കൂടുതൽ ഹൃദ്യമാക്കുന്നു.



ബഷീർ - കയ്യക്ഷരം



വൈക്കം മുഹമ്മദ് ബഷീർ



തയ്യാറാക്കിയത് - വിദ്യാരംഗം കലാസാഹിത്യവേദി (RGMAUP School)






ഇപ്പോൾ ഞാൻ മരിച്ചിരിക്കുന്നു, മതിയായ കാരണങ്ങൾ ഉണ്ടോ എന്ന് നിങ്ങൾ തന്നെ തിട്ടപ്പെടുത്തുക, ഞാൻ പറഞ്ഞില്ലേ എന്റെ പക്കൽ അനന്തമായ സമയം ഒട്ടും തന്നെയില്ല. എല്ലാവർക്കും സലാം, എന്തെങ്കിലും തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ അണ്ഡകടാഹമേ മാപ്പ്... എല്ലാവർക്കും മംഗളം ശുഭം....

*(ബഷീറിന്റെ ചരമക്കുറിപ്പിൽ നിന്ന്)*

തയ്യാറാക്കിയത് - വിദ്യാരംഗം കലാസാഹിത്യവേദി (RGMAUP School)